29/9/09

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് വിദ്യാഭ്യാസാനുകൂല്യ പദ്ധതിയ്ക്ക് അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

സ.ഉ. (സാധാ ) നമ്പർ 1517/09/തൊഴിൽ തീയതി, തിരുവനന്തപുരം. 29/9/2009

---

പരാമർശം
1. ജി.ഒ. (എം.എസ്) നമ്പർ 29/07/തൊഴിൽ തീയതി 15/3/2007.
2. കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/3/2009-ലെ ഇ/20/09 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക 42-ൽ ഒരുവർഷം നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് ബോർഡ് വിദ്യാഭ്യാസാനുകൂല്യ പദ്ധതി ആവിഷ്ക്കരിച്ച് സർക്കാർ അനുമതിയോടെ നടപ്പാക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരം ബോർഡ് തയ്യാറാക്കിയ വിദ്യാഭ്യാസാനുകൂല്യ പദ്ധതി 22/1/2009-ൽ ചേർന്ന 11-ാമത് ബോർഡ് യോഗം അംഗീകരിക്കുകയും പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്ന് കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗീകരിച്ച വിദ്യാഭ്യാസാനുകൂല്യ പദ്ധതി നടപ്പാക്കുന്നതുമൂലമുണ്ടാകുന്ന മുഴുവൻ സാമ്പത്തിക ബാധ്യതയും ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന നിബന്ധനയിൽ ബോർഡിന്റെ വിദ്യാഭ്യാസാനുകൂല്യ പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
പി.കെ. സീതാലക്ഷ്മി അമ്മ,
അണ്ടർ സെക്രട്ടറി.

---

JSK/

# കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

## വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി - 2008

1. ചുരുക്കപ്പേരും ആരംഭവും

(1) ഈ പദ്ധതിക്ക് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി എന്ന പേര് പറയും.

(2) ഇത് 2007-08 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ : ഈ പദ്ധതിയിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം :

(1) ആക്ട് എന്നതിന് 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24-ാം ആക്റ്റ്) എന്നർത്ഥമാകുന്നു.

(2) പദ്ധതി എന്നതിന് 2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു.

(3) ഫാറം എന്നതിന് ഈ പദ്ധതിയിൽ ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു.

(4) അദ്ധ്യയന വർഷം എന്നതിന് ഒരു അദ്ധ്യയന കോഴ്സ് ആരംഭിക്കുന്നത് മുതലുള്ള 12 മാസക്കാലയളവ് എന്നർത്ഥമാകുന്നു.

(5) ഉദ്ദേശ്യം എന്നത് 2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ

മക്കളുടെ പഠന കാര്യത്തിലെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

3. <u>സ്കോപ്പ്</u>

(1) താഴെപ്പറയുന്ന കോഴ്സുകൾക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതാണ്.

(എ) കേരള സംസ്ഥാന ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് അംഗീകരിച്ചിട്ടുള്ള +1, +2 കോഴ്സുകൾ.

(ബി) കേരള സർക്കാരിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങിയവ.

(സി) കേരള സർക്കാരിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ള ഡിപ്ലോമ കോഴ്സുകൾ.

(ഡി)കേരള സർക്കാരിന്റെ കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് വകുപ്പ് അംഗീകരിച്ചിട്ടുള്ള ഐ.ടി.ഐ. /ഐ.ടി.സി. കോഴ്സുകൾ.

(2) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റഗുലർ ഫുൾടൈം കോഴ്സുകളിൽ പഠിക്കുന്നതും, ഈ പദ്ധതിയിൽ പ്രതിപാദിക്കുന്ന വിധത്തിൽ നിലവാരം പുലർത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിലാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.

4. <u>ആനുകൂല്യം ലഭിക്കുന്നതിനുള്ള യോഗ്യത</u>

(1) 2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കാണ് ഈ പദ്ധതി ബാധകമാകുന്നത്.

(2) യോഗ്യതാ പരീക്ഷയിൽ ഉന്നത മാർക്ക് നേടുന്ന കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗ തൊഴിലാളികളുടെ മക്കൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

(3) കോഴ്സ് പൂർത്തിയാക്കി പരീക്ഷയുടെ ഫലം പ്രഖ്യാപന ശേഷം മാർക്കിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്.

(4) സ്കോളർഷിപ്പിനുള്ള യോഗ്യത, സ്കോളർഷിപ്പ് കരസ്ഥമാക്കുന്നതിനുള്ള അവകാശമായി കണക്കാക്കാവുന്നതല്ല. പ്രത്യേക കാരണങ്ങളൊന്നും കൂടാതെ തന്നെ ഏത് അപേക്ഷകനും സ്കോളർഷിപ്പ് അനുവദിക്കാതിരിക്കുന്നതിനുള്ള അവകാശം ബോർഡിൽ നിക്ഷിപ്തമാണ്. ഈ കാര്യത്തിൽ ബോർഡിന്റെ തീരുമാനം അന്തിമവും അപ്പീലിന് അർഹത ഇല്ലാത്തതുമാണ്.

(5) എം.ബി.ബി.എസ്., ബി.ടെക്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് എൻട്രൻസ് പരീക്ഷയിലൂടെ അഡ്മിഷൻ ലഭിച്ചവരെ മാത്രമേ സ്കോളർഷിപ്പ് നൽകുന്നതിന് പരിഗണിയ്ക്കുകയുള്ളൂ.

(6) പരീക്ഷാ ഫലം മാർക്ക് രേഖപ്പെടുത്താതെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രസിദ്ധീകരിക്കുന്ന കോഴ്സുകൾക്ക് ഒരേ ഗ്രേഡിലുള്ളവരുടെ അപേക്ഷകൾ അതത് കോഴ്സിന് സ്കോളർഷിപ്പ് നൽകാൻ നിശ്ചയിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി അപേക്ഷകൾ തീർപ്പാക്കുന്നതാണ്.

(7) പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കോഴ്സുകൾക്ക് ഉപരിയായി ഏതെങ്കിലും കോഴ്സുകൾക്ക് അപേക്ഷ ലഭിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് അതിനനുസൃതമായ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പഠന കോഴ്സിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5. **<u>സ്കോളർഷിപ്പ് തുക</u>**

ഓരോ പഠന കോഴ്സിനുമുള്ള സ്കോളർഷിപ്പ് ചുവടെ ചേർക്കുന്നു.

(1) അണ്ടർ ഗ്രാജ്യുവേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ

(എ) ഹയർ സെക്കന്ററി

500 രൂപ

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 500 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(2) ഡിഗ്രി : നോൺ പ്രൊഫഷണൽ കോഴ്സുകൾ

(എ) ബി.എ.

(ബി) ബി.എസ്.സി. 700 രൂപ

(സി) ബി.കോം.

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 750 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(3) പോസ്റ്റ് ഗ്രാജ്യുവേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ

(എ) എം.എ.

(ബി) എം.എസ്.സി. 1000 രൂപ

(സി) എം.കോം.

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 2000 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(4) അണ്ടർ ഗ്രാജ്യുവേറ്റ് : പ്രൊഫഷണൽ കോഴ്സുകൾ

(എ) ടി.ടി.സി.

(ബി) ഐ.ടി.ഐ. 500 രൂപ

(സി) ഐ.ടി.സി.

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 600 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(5) പ്രൊഫഷണൽ ഡിപ്ളോമ കോഴ്സുകൾ

(എ) പോളി ടെക്നിക്ക്

(ബി) ജനറൽ നഴ്സിങ്ങ്. 600 രൂപ

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 750 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(6) പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ

(എ) ബി.എഡ്.
(ബി) ബി.പി.ഇ.
(സി) ബി.ഫാം.
(ഡി) ബി.എൽ.ഐ.എസ്.സി.
(ഇ) ബി.എസ്.സി.നഴ്സിങ്ങ്
(എഫ്) ബി.എഫ്.എസ്.സി. 1000 രൂപ
(ജി) ബി.ബി.എസ്.
(എച്ച്) ബി.സി.എ.
(ഐ) ബി.ബി.എ.
(ജെ) ബി.ബി.എം.
(കെ) ബി.പി.റ്റി.

(എൽ) എം.ബി.ബി.എസ്/ ബി.ഡി.എസ്.

(എം) ബി.എച്ച്.എം.എസ്.
(എൻ) ബി.എ.എം.എസ്.
(ഒ) ബി.എസ്.സി. എൻജി./ ബി.ടെക്./ബി.ഇ. 2000 രൂപ
(പി) ബി.എസ്.സി. അഗ്രി.
(ക്യൂ) ബി.വി.എസ്.സി.
(ആർ) എൽ.എൽ.ബി.

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1500 അംഗത്വത്തിന് 1 എന്ന കണക്കിൽ.

(7) പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ

(എ) എം.എസ്.ഡബ്ല്യൂ
(ബി) എം.ബി.എ.
(സി) എം.ജെ./എം.എസ്.ജെ./എം.ജെ.സി.
(ഡി) എം.ബി.എഫ്.
(ഇ) എം.ഫിൽ
(എഫ്) എം.എഡ്.
(ജി) എം.പി.എച്ച്. 2000 രൂപ
(എച്ച്) എം.എച്ച്.എ.
(ഐ) എം.പി.ഇ.
(ജെ) എം.എം.എസ്.സി.
(കെ) എം.ഇ.എം.
(എൽ) എം.ഫാം./എം.പി.റ്റി./എം.എസ്.സി.നഴ്സിങ്ങ്
(എം) എം.റ്റി.ആർക്ക്.
(എൻ) എം.പി.സയൻസ്

(ഒ) മെഡിക്കൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ
(പി) ഇഞ്ചിനീയറിങ്ങ് പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ
(ക്യൂ) അഗ്രിക്കൾച്ചറൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ
(ആർ) വെറ്റിനറി പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ 2500 രൂപ
(എസ്) നിയമ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ
(റ്റി) ഹോമിയോപ്പതി പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ
(യു) ആയുർവ്വേദിക് പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ

ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 3000 അംഗത്വത്തിന് 1 എന്ന കണക്കിൽ.

## 6. അപേക്ഷിക്കേണ്ട വിധം

(1) സ്കോളർഷിപ്പിനുള്ള അപേക്ഷകൾ എല്ലാ വർഷവും സെപ്തംബർ മാസം 30-നകം ഈ പദ്ധതിയോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ട ഫാറത്തിൽ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയാലും മതിയാകുന്നതാണ്.

(2) പദ്ധതിയിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(3) ന്യൂനതകൾ ഉള്ളതും നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിയ്ക്കുന്നതല്ല.

(4) സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഈ പദ്ധതിയിൽ കാലാകാലങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

## Kerala Shops and Commercial Establishment Workers Welfare Fund Board

(Website: www.peedika.kerala.gov.in)

## കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

### APPLICATION FOR EDUCATIONAL SCHOLORSHIP
### വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷ

1. Name of Student/ വിദ്യാർത്ഥിയുടെ പേര് :
2. Address/മേൽവിലാസം :

3. Phone No./ ഫോൺ നം. :
4. Male/Female / സ്ത്രീ/പുരുഷൻ :
5. Name of the course applied for Scholorship/ സ്കോളർഷിപ്പിന് വേണ്ടി അപേക്ഷിക്കുന്ന കോഴ്സിന്റെ പേര്. :
6. Details of examination passed / പാസായിട്ടുള്ള പരീക്ഷയുടെ വിശദാംശം.

| Name of Exam<br>പരീക്ഷയുടെ പേര് | Name of affiliated University/Board<br>അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിവേഴ്സിറ്റി/ ബോർഡ് | Month and Year of passing examination<br>പരീക്ഷ പാസായ വർഷവും മാസവും |
|---|---|---|
| | | |

7. Marks scored in the examination/ പരീക്ഷയ്ക്ക് വിദ്യാർത്ഥി കരസ്ഥമാക്കിയ മാർക്ക്.

| Subject<br>വിഷയം | Marks scored<br>കരസ്ഥമാക്കിയ മാർക്ക് | Maximum marks<br>കൂടിയ മാർക്ക് | Percentage<br>ശതമാനം |
|---|---|---|---|
| | | | |
| **ആകെ/Total** | | | |

8. Name of the parent of the applicant and Membership number / അപേക്ഷകന്റെ അച്ഛന്റെ /അമ്മയുടെ പേരും അംഗത്വ നമ്പരും. (Photocopy of ID Card to be enclosed) :

10. Name and Address of the Establishment presently working and its Welfare Fund Registration No. / നിലവിൽ ജോലി ചെയ്തു വരുന്ന സ്ഥാപനത്തിന്റെ പേരും വിലാസവും ക്ഷേമനിധിയിലെ രജിസ്റ്റർ നമ്പരും. :

The facts mentioned above are true to my knowledge. If I am selected for the scholarship I promise that I will abide by the conditions stipulated in the scheme.

ഈ അപേക്ഷയിൽ മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്ന് ഞാൻ പ്രസ്താവിക്കുന്നു. ഈ സ്കോളർഷിപ്പിന് ഞാൻ തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് പെരുമാറാമെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

Name and Signature of the Student
വിദ്യാർത്ഥിയുടെ ഒപ്പും പേരും

Place/സ്ഥലം:
Date/തീയതി:

**Affidavit of the Parent**

**രക്ഷകർത്താവിന്റെ സത്യപ്രസ്താവന**

I ..........................................(Name and address) am a member of Kerala Shops and Commercial Establishments Workers Welfare Fund Board and my registration number is ............................ Sri/Kum.......................................... is my son/daughter. The facts mentioned in the application are true.

ഞാൻ .......................................... (പേരും മേൽവിലാസവും) കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ .......................................... നമ്പരുള്ള അംഗമാണ്. ശ്രീ./കുമാരി. ..........................................ന്റെ മകനാണ്/മകളാണ്. ഈ അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണ്.

Signature of the Parent.
രക്ഷകർത്താവിന്റെ ഒപ്പ്

Place/സ്ഥലം:
Date/തീയതി:

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. Attested copy of SSLC Certificate.
2. Attested copy of Mark list of the qualifying exam.
3. Photocopy of Shop Board Membership Card.